സി.ജി(2) **43910/08**

സഹകരണസംഘം രജിസ്ട്രാർ ആഫീസ്
തിരുവനന്തപുരം, തീയതി **: 18.10.2012**

**Email : keralarcs@coop.kerala.gov.in**
**Website : www cooperation. kerala.gov.in**
**Tel : No. 0471 2330726**

# സർക്കുലർ നമ്പർ 41/2012

വിഷയം: സഹകരണ വകുപ്പ് - കേരള കാർഷിക കടാശ്വാസ പദ്ധതി-അവാർഡ്- കർഷകരുടെ വിഹിതം അടച്ചവർക്ക് ഈടുവച്ച പ്രമാണങ്ങൾ തിരികെ നൽകുന്നത്-നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

സൂചന: 11.09.2012 ലെ സ.ഉ(ആർ.റ്റി) 1788/2012/എ.ഡി നമ്പർ ഉത്തരവ്.

.................

സഹകരണ സംഘങ്ങളിൽ/ ബാങ്കുകളിൽ നിന്നും വായ്പ എടുത്ത കർഷകർക്ക് കേരള കാർഷിക കടാശ്വാസ കമ്മീഷൻ അനുവദിക്കുന്ന കടാശ്വാസം അനുവദിച്ചു കൊണ്ട് പുറപ്പെടുവിക്കുന്ന അവാർഡുകളിൽ; കർഷകർ അടയ്ക്കേണ്ട വിഹിതവും, സർക്കാർ അനുവദിക്കുന്ന ആനുകുല്യവും, സഹകരണ സംഘം അനുവദിക്കുന്ന ഇളവുകളും പരാമർശിക്കാറുണ്ട്. ആയത് പ്രകാരം അവാർഡ് പ്രകാരമുള്ള വിഹിതം, കർഷകർ വായ്പയിലേയ്ക്ക് അടയ്ക്കുകയും, എന്നാൽ സർക്കാർ വിഹിതം സംഘങ്ങൾക്ക് ലഭിക്കുന്നതു- വരെ, കർഷകർ വായ്പക്കായി ഈടു വെച്ച പ്രമാണങ്ങൾ സംഘങ്ങൾ തിരികെ നൽകാത്തതായും ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ഇപ്രകാരം പ്രമാണങ്ങൾ തിരികെ നൽകാത്തതു കാരണം, വസ്തു ക്രയവിക്രയം നടത്താനോ, മറ്റ് കരണങ്ങൾ സൃഷ്ടിക്കാനോ കഴിയാ- തിരിക്കുകയും ഇക്കാരണത്താൽ അത്യാവശ്യം കണക്കിലെടുത്ത് വായ്പക്കാർ കൂടിയ പലിശ നിരക്കിൽ വായ്പ വാങ്ങി, ഗവൺമെന്റ് നൽകേണ്ടതുൾപ്പെടെയുള്ള വിഹിതം അടച്ച് വായ്പകണക്ക് തീർക്കുകയും, തൽഫലമായി കടാശ്വാസ കമ്മീഷൻ പുറപ്പെടുവിച്ച അവാർഡ് പ്രകാരമുള്ള സർക്കാർ വിഹിതം, വായ്പക്കാരന് നഷ്ടമാകുകും ചെയ്യുന്നതായും ശ്രദ്ധയിൽപെട്ടിട്ടുണ്ട്.

കടാശ്വാസ കമ്മീഷൻ പുറപ്പെടുവിച്ച അവാർഡിൽ സർക്കാർ വിഹിതമായി വകയിരുത്തിയിട്ടുള്ള തുക, ബഡ്ജറ്റ് വിഹിതത്തിനുസൃതമായിട്ടാണ് സംഘങ്ങൾക്ക് നൽകുന്നതെന്നതിനാൽ, നേരിയ കാലതാമസം ഉണ്ടാകാറുണ്ട്. എന്നാൽ സർക്കാർ വിഹിതം, സർക്കാരിൽ നിന്നും നിശ്ചയമായും ലഭിക്കുമെന്നിരിക്കെ, ആയതിനായി, കർഷകന്റെ ഈട് പ്രമാണം തിരികെ നൽകാതിരിക്കുന്ന നടപടി ശരിയല്ല. സംഘത്തിനുള്ള വിഹിതം സർക്കാരിൽ നിന്ന് ലഭിക്കുമെന്നതിനാൽ, കർഷകരുടെ വിഹിതം അടച്ചു കഴിഞ്ഞാൽ,

സർക്കാരിൽ നിന്നും ലഭിക്കാനുള്ളതായി കണക്കിൽ രേഖപ്പെടുത്തി, പ്രമാണം തിരിച്ച് നൽകേണ്ടതും സർക്കാരിൽ നിന്നും ലഭിക്കുന്ന മുറയ്ക്ക് ടി കണക്കിൽ വരവ് വയ്ക്കേണ്ടതുമാണ്.

മേൽ നിർദ്ദേശം എല്ലാ സഹകരണ സംഘങ്ങളും പാലിക്കേണ്ടതും, പാലിക്കുന്നുണ്ടെന്ന് വകുപ്പ് ഉദ്യോഗസ്ഥർ ഉറപ്പാക്കേണ്ടതുമാണ്.

സൂചന ജി.ഒ. പകർപ്പ് കൂടി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

ഒപ്പ്,
വി.സനൽകുമാർ ഐ.എ.എസ്
സഹകരണസംഘം രജിസ്ട്രാർ